# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 248 23.01.2018 ൽ മറുപടിയ്ക്ക്

### റോഡ് ടാക്സ്

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | കേരളത്തിലെ റോഡ്-ടാക്സ് നൽകാതെ പോണ്ടിച്ചേരി പോലെയുള്ള സ്ഥലങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ കണക്ക് ലഭ്യമാക്കാമോ; | (എ) | പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത് ടാക്സ് തട്ടിപ്പനടത്തിയുമായി ബന്ധപ്പെട്ട് ഇതു വരെ നടത്തിയ പരിശോധനയിൽ 2357 വാഹനങ്ങളുടെ ഒരു ലിസ്റ്റ് മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിൽ സ്ഥിര/താൽക്കാലിക മേൽവിലാസത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയോ, കേരളത്തിൽ നിന്നും വാഹന വായ്പ കരസ്ഥമാക്കിയിട്ടുള്ളതോ, കേരളത്തിലെ വാഹന വില്പനക്കാരിൽ നിന്നും വാങ്ങിയിട്ടുള്ളതോ ആയ വാഹനങ്ങൾ ഉൾക്കൊള്ളിച്ചാണ് പട്ടിക തയ്യാർ ചെയ്തത്. |
| (ബി) | ഇത്തരത്തിൽ വാഹനങ്ങൾ ഉപയോഗിക്കുന്നവർക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ എന്തെല്ലാമാണ്; | (ബി) | നിലവിൽ ഇവർക്കെതിരെ മോട്ടോർ വാഹന വകുപ്പ് നോട്ടീസ് അയച്ചുവരുന്നു. ഇതുവരെ 877 വാഹന ഉടമകൾക്ക് കാരണം കാണിക്കൽ നോട്ടീസ് അയച്ചിട്ടുണ്ട്. നോട്ടീസ് ലഭിച്ചിട്ടും പ്രതികരിക്കാത്തവരുടെയും വ്യാജ രേഖ ചമച്ച എന്ന സംശയം ഉള്ളവരുടെയും വിവരങ്ങൾ തുടർ അന്വേഷണങ്ങൾക്കായി ദക്ഷിണമേഖലാ ക്രൈം ബ്രാഞ്ച് ഐ.ജി.യ്ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ഇവരോട് കേരളത്തിൽ നിശ്ചയിച്ചിരിക്കുന്ന ടാക്സ് ഒടുക്കി വാഹനം കേരളത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. അല്ലാത്ത പക്ഷം ഇവർക്കെതിരെ റവന്യൂ റിക്കവറി, കേരള വാഹന നികുതി നിയമ ചട്ടം 11 അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കേരളത്തിൽ ഇങ്ങനെ ഉപയോഗിക്കുന്ന വാഹനങ്ങളിൽ നിന്ന് ലഭിക്കേണ്ട നികുതി എത്ര രൂപയാണ് എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;വ്യക്തമാക്കാമോ? | (സി) | ഇക്കാര്യം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. വാഹന ഉടമകൾക്ക് നോട്ടീസ് അയയ്ക്കുന്ന കാര്യം പുരോഗമിക്കുന്നു. പ്രസ്തുത നടപടി പൂർത്തിയായ ശേഷമേ കൃത്യമായ കണക്കുകൾ ലഭ്യമാകൂ. നിലവിൽ 88 വാഹന ഉടമകളിൽ നിന്ന് 8,88,58,787/- രൂപ ടാക്സ് ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ